**‘CORRUPTION, A CRIME AGAINST NATION’**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
വികാസ് ഭവൻ, തിരുവനന്തപുരം-33,
ഇ-മെയിൽ:vig.vacb@kerala.gov.in,
ഫോൺ നമ്പർ:0471 2305393,

**നമ്പർ - 8/പി.ആർ.ഒ സെൽ/വി.എ.സി.ബി/2017** തിയതി.01/11/2017.

---

# നവീകരിച്ച വിജിലൻസ് സ്യൂട്ടിന്റെയും വെബ് സൈറ്റിന്റേയും ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.

വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ നവീകരിച്ച വിജിലൻസ് സ്യൂട്ടിന്റെയും വെബ് സൈറ്റിന്റേയും ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവർകൾ നിർവഹിച്ചു.ഇന്ന് (01-11-2017) മുഖ്യമന്ത്രിയുടെ ഓഫീസ് ചേംബറിൽ വച്ചാണ് ഉദ്ഘാടനം നടന്നത്.

മുൻപ് പ്രവർത്തിച്ചിരുന്നതിൽ നിന്നും നിരവധി മാറ്റങ്ങൾ വരുത്തി നവീകരിച്ചാണ് വിജിലൻസ് സ്യൂട്ടും വെബ് സൈറ്റും ഇനി മുതൽ പ്രവർത്തിക്കുന്നത്. വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോയുമായി ബന്ധപ്പെട്ട കേസുകളിലെ ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് മുതൽ ചാർജ് ഷീറ്റ് ഫയൽ ചെയ്യുന്നത് വരെയുള്ള വിവരങ്ങളും കോടതി നടപടികളും ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് എല്ലാ വിജിലൻസ് യൂണിറ്റ്/ റേഞ്ചുകളെയും ബന്ധപ്പെടുത്തി പ്രവർത്തിക്കുന്ന സോഫ്റ്റ് വെയറാണ് വിജിലൻസ് സ്യൂട്ട്.നവീകരിച്ച വിജിലൻസ് സ്യൂട്ടിൽ വിജിലൻസിന്റെ ലീഗൽ വിങ്ങിനെയും ഉൾപെടുത്തിക്കൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്.എല്ലാ യൂണിറ്റുകളേയും റേഞ്ച് ഓഫീസുകളേയും സ്പെഷ്യൽ സെല്ലുകളേയും ലീഗൽ സെൽ ഓഫീസുകളെയും ഡയറക്ടറേറ്റുമായി ബന്ധിപ്പിക്കുന്ന തരത്തിലാണ് നവീകരിച്ച വിജിലൻസ് സ്യൂട്ട് പ്രവർത്തിക്കുന്നത്. അന്വേഷണങ്ങളുടേയും കേസുകളുടെയും തൽസ്ഥിതി വിവരങ്ങൾ എളുപ്പത്തിൽ മേലുദ്യോഗസ്ഥർക്ക് മനസ്സിലാക്കുവാനും,യഥാസമയം ഉചിതമായ നിർദ്ദേശങ്ങൾ അന്വേഷണഉദ്യോഗസ്ഥന്മാർക്കു നൽകുവാനും വിവരങ്ങൾ പ്രത്യേകം ഡാറ്റാബേസിൽ സൂക്ഷിക്കുവാനും അതുവഴി

പൊതുജനസേവനം കൂടുതൽ കാര്യക്ഷേമമാക്കുവാനും സഹായിക്കുന്ന തരത്തിലാണ് വിജിലൻസ് സ്യൂട്ട് തയ്യാറാക്കിയിട്ടുള്ളത്.

പൊതുജനങ്ങൾക്ക് ആവശ്യമായ വിജിലൻസുമായി ബന്ധപ്പെട്ട പൊതുവിവരങ്ങളും സേവനങ്ങളും ഉൾപ്പെടുത്തിയാണ് നവീകരിച്ച വെബ്സൈറ്റ് രൂപകൽപന ചെയ്തിട്ടുള്ളത്. പൊതുജനങ്ങൾക്ക് വെബ്സൈറ്റ് മുഖേന പരാതികൾ നൽകുന്നതിനുള്ള സംവിധാനം കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്.ഫോട്ടോ ഗ്യാലറി,വീഡിയോ ഗ്യാലറി മുതലായവയും പുതിയ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.വിജിലൻസ് സ്യൂട്ട് സി-ഡിറ്റിന്റെയും വെബ് സൈറ്റ് എസ്.സി.ആർ.ബി യുടെയും സഹകരണത്തോടെയാണ് നവീകരിച്ചിട്ടുള്ളത്.

ഉദ്ഘാടന ചടങ്ങിൽ വിജിലൻസ് ഡയറക്ടറും സ്റ്റേറ്റ് പോലീസ് ചീഫുമായ ശ്രീ.ലോക്നാഥ് ബെഹ്റ IPS, എ.ഡി.ജി.പി. ശ്രീ.ഷെയ്ഖ് ദർവേഷ് സാഹേബ് IPS , മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ.എം.വി.ജയരാജൻ , പൊളിറ്റിക്കൽ സെക്രട്ടറി ശ്രീ.പുത്തലത്ത് ദിനേശൻ , എ.ഡി.പി. ശ്രീ.കെ.ഡി.ബാബു, പോലീസ് സൂപ്രണ്ടുമാരായ ശ്രീ.വി.എസ്.അജി , ശ്രീ.കെ.ഇ. ബൈജു , ഡി.വൈ.എസ്.പി. ശ്രീ.ഇ.എസ്.ബിജുമോൻ, തുടങ്ങിയവർ പങ്കെടുത്തു.